LIBRARY ARCHIVES Kerala Legislative Assembly

കൈമാറിക്കിട്ടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്ട് വഴി ചെയ്യുന്നതിനാണ് നിരത്തുപരിപാലന വിഭാഗത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ നിരത്ത് വിഭാഗമാണ് റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്. ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. OPBRC-യിൽ ഒരു കരാർ പ്രകാരം 7 വർഷക്കാലമാണ് നിരത്തുകൾ പരിപാലിക്കാൻ സാധിക്കുക. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടത്താതെ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ രീതിയിൽ അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും സർവ്വീസിൽനിന്നും വിരമിച്ചവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. റോഡ് നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം അവ പരിശോധിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, ധനകാര്യപരിശോധനാ വിഭാഗം, പൊതുമരാമത്ത് വിജിലൻസ് വിഭാഗം തുടങ്ങിയ വിവിധ ഏജൻസികൾ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(ബി) ഇവ സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിന് ലഭ്യമായി; എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചിട്ടില്ല.

### പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങളിലെ കയ്യേറ്റം

19 (629) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുംവിധം പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ?

ചെറിയ തോതിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര കയ്യേറ്റങ്ങൾ നടന്നുവെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്;

&

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

(ബി&സി) എല്ലാ ജില്ലയിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കയ്യേറ്റങ്ങളുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. സർവ്വേ വകുപ്പിന്റെ സഹായത്തോടെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തി നോട്ടീസ് നൽകുകയും അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**അഴീക്കോട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

20(630) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവയും അവയുടെ കാലതാമസത്തിനുള്ള കാരണവും എന്താണെന്ന് അറിയിക്കാമോ;

&

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-ഡി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനുകീഴിൽ 2019-20 ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-വായിപ്പറമ്പ റോഡ് കി.മീ 0/000 മുതൽ 3/300 വരെയുള്ള ഭാഗം പ്രവൃത്തിയാരംഭിച്ച് 25 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി വളപ്പട്ടണം ഹൈവേ ജംഗ്ഷൻ മുതൽ മന്ന വരെ 99 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചിട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൂതപ്പാറ-നീർക്കടവ് റോഡ് കി.മീ. 0/000 മുതൽ 2/400 വരെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോയിരുന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly